മങ്കട സി.എച്ച്.സി. താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത്

21(718) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 -15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ താലൂക്കാശുപത്രിയാക്കി അപ്ഗ്രേഡ് ചെയ്യുമെന്ന പ്രഖ്യാപിച്ച മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയാക്കി അപ്ഗ്രേഡ് ചെയ്ത ഉത്തരവ് ഇതുവരെ പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് 68 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ 2014-15 സാമ്പത്തിക വർഷം പ്രസ്തുത ശിപാർശ പരിഗണിച്ചിരുന്നില്ല.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും വീണ്ടും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

വിവിധ ആശുപത്രികളിൽ ഡോക്ടർമാരുടേതുൾപ്പെടെയുള്ള ഒഴിവുകൾ

22(719) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജിലും ഡി.എം.ഇ-യുടെ കീഴിൽ വരുന്ന മറ്റ് എല്ലാ ആശുപത്രികളിലും കൂടി നിലവിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഉണ്ട്; പുതിയതായി തസ്തിക ക്രിയേറ്റ് ചെയ്യുന്നതിലേക്ക് ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് എത്ര തസ്തികകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്; നിലവിലുള്ള തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്നവ എത്ര; പുതുതായി സ്ഥാപിച്ചതായി പറയപ്പെടുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിൽ മെഡിക്കൽ കൗൺസിൽ വ്യവസ്ഥ അനുസരിച്ചുള്ള ഡോക്ടർമാരുടെയും മറ്റും തസ്തികകൾ ക്രിയേറ്റ് ചെയ്തിട്ടുണ്ടോ; അവയിലേക്കെല്ലാം പി.എസ്.സി. -വഴി നിയമനം നടത്തിയിട്ടുണ്ടോ;

(ബി) ഡി.എം.ഇ.-യുടെ കീഴിലുള്ള ആശുപത്രികളിലെല്ലാം കൂടി ഡോക്ടർമാരുൾപ്പെടെ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly